"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പാലക്കാട് വാവുമല ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ല ആലത്തൂർ താലൂക്ക് കണ്ണമ്പ്ര 1 വില്ലേജിലെ ബ്ലോക്ക് നം.35, സർവ്വെ നമ്പർ 428 ൽ ഉൾപ്പെട്ട 2.9600 ഹെക്ടർ ഭൂമി വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.349/2025/RD തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.06.2025 തീയതിയിലെ LR/6022/2025-LR(K2) നമ്പർ കത്ത്
2. പാലക്കാട് ജില്ലാ കളക്ടറുടെ 30.07.2025 തീയതിയിലെ DCPKD/13415/2024-LRG2 നമ്പർ കത്ത്.

**ഉത്തരവ്**

വാവുമല ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ല ആലത്തൂർ താലൂക്ക് കണ്ണമ്പ്ര 1 വില്ലേജിലെ ബ്ലോക്ക് നം.35, സർവ്വെ നമ്പർ 428 ൽ ഉൾപ്പെട്ട 2.9600 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം, വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. അപേക്ഷാ ഭൂമി റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉള്ളതും പുറമ്പോക്ക് തരത്തിൽ ഉൾപ്പെട്ടതുമാണെന്നും, കണ്ണമ്പ്ര വാണിയമ്പാറ റോഡിൽ സം സം സോഡാ കമ്പനി ജംഗ്ഷനിൽ നിന്നും വാളുവെച്ചപ്പാറ, ചേവക്കോട്, ചുവട്ടു പാടം ഭാഗത്തേക്കുള്ള റോഡിൽ ചല്ലിപ്പറമ്പ് ജംഗ്ഷനിൽ സുമാർ 400 മീറ്റർ തെക്ക് പടിഞ്ഞാറ് മാറിയും, ദേശീയ പാത 544 പന്നിയങ്കര ടോൾ പ്ലാസയിൽ നിന്നും വടക്കു പടിഞ്ഞാറായുള്ള പഞ്ചായത്ത് റോഡിൽ നിന്നും 15 കി.മീ. വടക്കു പടിഞ്ഞാറായും സ്ഥിതി ചെയ്യുന്ന ഉയരമുള്ള പാറ സ്ഥലവുമാണെന്നും, സ്ഥലത്തിന്റെ തെക്ക് ഭാഗം ചെരിവുള്ളതും, കിഴക്ക്, വടക്ക്, പടിഞ്ഞാറ് ഭാഗങ്ങൾ ചെങ്കുത്തായും ചെരിവുള്ളതായും സമ്മിശ്രമായി കാണപ്പെടുന്നതായും, സമീപ സ്ഥലങ്ങളുടെ ഭൂനിരപ്പിൽ നിന്നും സുമാർ 20 മീറ്റർ മുതൽ 50 മീറ്റർ വരെ ഉയരമുള്ളതായും ടി പാറമുകളിൽ തന്നെ സ്ഥലത്തിന്റെ വടക്കു ഭാഗത്തായി വളരെ പുരാതനമായ ഹൈന്ദവ ആരാധന നടത്തി വരുന്ന വാവുമല ശിവക്ഷേത്രമുള്ളതും, ക്ഷേത്രവും ക്ഷേത്രത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന പരിസരവും സുമാർ 0.1215 ഹെക്ടർ ആയി തിട്ടപ്പെടുത്താവുന്നതുമാണെന്നും സ്ഥലത്തിന്റെ താഴ്വാരത്ത് കുറ്റിച്ചെടികളും പാഴ്മരങ്ങളും ഉള്ളത് ഒഴികെ

മറ്റ് വൃക്ഷങ്ങൾ ഇല്ലാത്തതുമാണെന്നും, പ്രസ്തുത സ്ഥലം ടൂറിസം വികസനത്തിന് അനുയോജ്യം ആണെന്നും കൂടാതെ, അപേക്ഷാ ഭൂമിയുമായി ബന്ധപ്പെട്ട് മറ്റ് യാതൊരുവിധ സർക്കാർ ഉത്തരവും ഇല്ലാത്തതും, ടി ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി നീക്കി വച്ചിട്ടില്ലാത്തതുമാണെന്നും ഭൂമി റവന്യൂ വകുപ്പിന്റെ ഏതെങ്കിലും ഭാവി ആവശ്യങ്ങൾക്ക് ഉതകുന്നതല്ലെന്നും ഭൂമിയിൽ അവകാശ തർക്കം, അതിർത്തി തർക്കം, വഴി തർക്കം, പാട്ടം എന്നിവ നിലവിൽ ഇല്ലാത്തതാണെന്നും ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ടെന്നും പരാമർശം (1) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാവുമല ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ല ആലത്തൂർ താലൂക്ക് കണ്ണമ്പ്ര 1 വില്ലേജിലെ ബ്ലോക്ക് നം.35, സർവ്വെ നമ്പർ 428 ൽ ഉൾപ്പെട്ട 2.9600 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം, അപേക്ഷാ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ശിവക്ഷേത്രത്തിൽ ആരാധനാ അനുഷ്ഠാനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നുള്ള നിബന്ധന ഉൾപ്പെടുത്തി ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായും വിനോദസഞ്ചാര വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗ പ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ട ചുമതല വിനോദ സഞ്ചാര വകുപ്പിനായിരിക്കും.

v) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vi) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതാണ്.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനു എസ് നായർ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിനോദസഞ്ചാര വകുപ്പ് (ടൂർ എ3/271/2025-ടൂർ)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-L1/129/2025-REV)

ഉത്തരവിൻ പ്രകാരം

Signed by Priya Vincent
Date: 27-12-2025 14:18:37

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്